**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3533** **15-02-2024 - ൽ മറുപടിയ്ക്ക്**

**എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഫയർ ആന്റ് റെസ്ക്യൂ സർവീസ് വകുപ്പിന് വേണ്ടി വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എളങ്കുന്നപ്പുഴ വില്ലേജിൽ സർവ്വേ നമ്പർ 412/6-ൽ പ്പെട്ട 7.10 ആർ ഭൂമി ലഭിക്കുന്നതിനായി വകുപ്പുമേധാവി സമർപ്പിച്ച അർത്ഥനാപത്രത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ) | എളങ്കുന്നപ്പുഴ വില്ലേജിൽ സർവ്വേ നമ്പർ 412/ 6-ൽ പ്പെട്ട 07.00 ആർ വസ്തു സ്ഥല പരിശോധന നടത്തി സർവ്വെ നടപടികൾ പൂർത്തിയാക്കി സ്കെച്ചും മഹസ്സറും വില നിർണ്ണയ റിപ്പോർട്ടും തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം എളങ്കുന്നപ്പുഴ വില്ലേജ് ഓഫീസർ, ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01/11/2018 ലെ എൽ.ആർ.കെ2-27511/17 നമ്പർ സർക്കുലർ പ്രകാരം ഭൂമി കൈമാറ്റ റിപ്പോർട്ട് നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി ഭൂമി കൈമാറ്റ ശുപാർശ തയ്യാറാക്കി കൊച്ചി തഹസിൽദാർ, റിപ്പോർട്ട് ഫോർട്ട് കൊച്ചി സബ് കളക്ടർ മുഖേന കളക്ടർക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | എളങ്കുന്നപ്പുഴ വില്ലേജിൽ സർവ്വേ നമ്പർ 412/ 6-ൽ പ്പെട്ട 07.00 ആർ വസ്തു സ്ഥല പരിശോധന നടത്തി സർവ്വെ നടപടികൾ പൂർത്തിയാക്കി സ്കെച്ചും മഹസ്സറും വില നിർണ്ണയ റിപ്പോർട്ടും തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം എളങ്കുന്നപ്പുഴ വില്ലേജ് ഓഫീസർ, ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01/11/2018 ലെ എൽ.ആർ.കെ2-27511/17 നമ്പർ സർക്കുലർ പ്രകാരം ഭൂമി കൈമാറ്റ റിപ്പോർട്ട് നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി ഭൂമി കൈമാറ്റ ശുപാർശ തയ്യാറാക്കി കൊച്ചി തഹസിൽദാർ, റിപ്പോർട്ട് ഫോർട്ട് കൊച്ചി സബ് കളക്ടർ മുഖേന കളക്ടർക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | ഭൂമി കൈമാറ്റ ശുപാർശ ഫോർട്ട് കൊച്ചി സബ് കളക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അടിയന്തരമായി പരിശോധിച്ച് 10 ദിവസത്തിനുള്ളിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഭൂമി കൈമാറി നല്കുന്നതിനുള്ള നടപടി ക്രമങ്ങൾ ജില്ലാ കളക്ടർ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ